# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിക്ക് യു.എൻ പ്രശംസ

തിരുവനന്തപുരം: നാളികേര വികസന ബോർഡിന്റെ സംരംഭമായ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം. ബാങ്കോക്കിൽ ഇരുപത്തിയഞ്ചോളം നാളികേരോൽപാദക രാജ്യങ്ങൾ പങ്കെടുത്ത ഐക്യരാഷ്ട്ര സഭയുടെ ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷന്റെ ഏഷ്യ-പസഫിക് സമ്മേളനത്തിലാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടവും, തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയും മികച്ച ഇന്ത്യൻ മാതൃകകൾ എന്ന നിലയിൽ മറ്റു രാജ്യങ്ങൾ പിന്തുടരണമെന്ന അഭിപ്രായം ഉയർന്നത്.

2011 ഓഗസ്റ്റ് 17ന് കേരളത്തിലെ 11 ജില്ലകളിൽ ആരംഭിക്കുകയും പിന്നീട് അന്യസംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിച്ച് വിജയകരമായി തുടരുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയിലൂടെ ഇതിനകം 20,000 ലധികം ചങ്ങാതിമാർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ഇവരിൽ പതിനാറായിരത്തോളം പേരും കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്ന് പരിശീലനം നേടി കേരസംരക്ഷണ പ്രവർത്തനങ്ങളിൽ സജീവമായി തുടരുന്നവരാണ്. ഇതോടൊപ്പം തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഒഡീഷ, ഛത്തീസ്ഗഢ്, ഗോവ, ഗുജറാത്ത്, ആസ്സാം, ബീഹാർ കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപ് എന്നിവിടങ്ങളിലായി 4000ൽ പരം തെങ്ങിന്റെ ചങ്ങാതിമാരാണ് ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്നത്. അന്യം നിന്നുപോയ തൊഴിൽ സംസ്കാരമാണ് ഈ രണ്ടരവർഷക്കാലയളവിനുള്ളിൽ നാളികേര ബോർഡിന് പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞത്.

വിവിധ കാരണങ്ങളാൽ പാരമ്പര്യ തെങ്ങുകയറ്റതൊഴിലാളികൾ ഈ രംഗത്തുനിന്ന് പിൻവാങ്ങുന്നതും ഈ ജോലി ഏറ്റെടുക്കാൻ പുതിയതലമുറ മടിച്ചതും കേരമേഖലയിലെ വിളവെടുപ്പിനേയും രോഗപ്രതിരോധപ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിച്ചിരുന്നു. ഇതിനൊരു പരിഹാരമെന്ന നിലയിലാണ് രണ്ടരവർഷം മുമ്പ് നാളികേര വികസന ബോർഡ് തെങ്ങിന്റെ ചങ്ങാതി എന്ന ഗ്രീൻ കോളർ ജോലിയിലൂടെ സ്ത്രീ-പുരുഷ ഭേദമന്യേ യുവാക്കൾക്ക് ഈ തൊഴിലിൽ പരിശീലനം നൽകിത്തുടങ്ങിയത്. ദിവസേന 1000 മുതൽ 1500 രൂപ വരെ വരുമാനം നേടാൻ സാധിക്കുന്ന ഈ മേഖലയിൽ പരിശീലനത്തോടൊപ്പം ഇൻഷുറൻസ് പരിരക്ഷയും തെങ്ങുകയറ്റമെഷീനും സൗജന്യമായി ചങ്ങാതിമാർക്ക് ലഭ്യമാക്കുന്നുണ്ട്. വിവിധ ജില്ലകളിൽ പരിശീലനം നേടാൻ ആഗ്രഹിക്കുന്നവർ നാളികേര വികസന ബോർഡുമായി ബന്ധപ്പെട്ടാൽ മതിയാകും. നമ്പർ 04842377267.